# VERAPOLY
## ARCHDIOCESAN GAZETTE
## വരാപ്പുഴ അതിരൂപതാ ഗസറ്റ്

VOL. XXXXIX/FK- 101 2016 NOVEMBER 7 NO. 14


# PASTORAL LETTER

## നിയുക്ത വരാപ്പുഴ മെത്രാപ്പോലീത്ത അഭിവന്ദ്യ ജോസഫ് കളത്തിപ്പറമ്പിൽ പിതാവിന്റെ സ്ഥാനാരോഹണം

*യേശുവിൽ പ്രിയ സഹോദര വൈദികരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

സാർവത്രികസഭയുടെ കാനോൻ നിയമപ്രകാരം ഓരോ മെത്രാനും അജപാലന ശുശ്രൂഷയിലിരിക്കെ 75 വയസ്സ് പൂർത്തിയാകുമ്പോൾ ഔദ്യോഗിക ഭരണത്തിൽനിന്ന് വിരമിക്കണമെന്ന സഭയുടെ നിർദ്ദേശവും ശുപാർശയും പാലിച്ചുകൊണ്ട് ഞാൻ സ്ഥാനം ഒഴിയുന്ന രേഖ പരിശുദ്ധസിംഹാസനത്തിന് യഥാസമയം സമർപ്പിക്കുകയുണ്ടായി. ഇതിന്റെ വെളിച്ചത്തിൽ ഫ്രാൻസീസ് പാപ്പാ എന്റെ വിധേയത്വപ്രഖ്യാപനം സ്വീകരിക്കുകയും പുതിയ മെത്രാപ്പോലീത്താസ്ഥാനം ഏറ്റെടുക്കുന്നതിനു മുന്നോടിയായി അതിരൂപതയുടെ സുഗമമായ ഭരണനിർവ്വഹണത്തിനും അജപാലനശുശ്രൂഷയുടെ നടത്തിപ്പിനുംവേണ്ടി എന്നെ വരാപ്പുഴ അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായി നിയമിക്കുകയും ചെയ്തു. കഴിഞ്ഞ 5 വർഷം റോമിൽ

അഭയാർത്ഥികൾക്കും പ്രവാസികൾക്കും വേണ്ടിയുള്ള അജപാലന ശുശ്രൂഷയുടെ  പൊന്തിഫിക്കൽ കമ്മീഷൻ സെക്രട്ടറിയും സുവിശേഷവത്കരണതിരുസംഘത്തിലെ അംഗവുമായി പ്രവർത്തിച്ചുവരുന്ന നമ്മുടെ അതിരൂപതാംഗമായ അഭിവന്ദ്യ ജോസഫ് കളത്തിപ്പറമ്പിൽ പിതാവിനെ വരാപ്പുഴ അതിരൂപതയുടെ അടുത്ത മെത്രാപ്പോലീത്തയായി നിയമിക്കുകയും ചെയ്ത വിവരം ഇതിനകം നിങ്ങൾ അറിഞ്ഞിരിക്കുമല്ലോ. ഇതു സംബന്ധിച്ച വിളംബരം 2016 ഒക്ടോബർ 31-ാം തീയതി തിങ്കളാഴ്ച ഇന്ത്യൻ സമയം വൈകിട്ട് 4.30ന് വത്തിക്കാനിലും നമ്മുടെ അതിമെത്രാസന മന്ദിരത്തിലും മുറപ്രകാരം നടക്കുകയുണ്ടായി. നൂറ്റാണ്ടുകളുടെ പൈതൃകമുള്ള വരാപ്പുഴ അതിരൂപതയുടെ പുതിയ ഇടയനായി സർവഥാ യോഗ്യനും ഭരണനിപുണനുമായ ഒരു വ്യക്തിയെയാണ് പരിശുദ്ധ സിംഹാസനം ഒട്ടും താമസം കൂടാതെ തന്നെ നിശ്ചയിച്ചു പ്രഖ്യാപിച്ചിട്ടുള്ളത്. ഇവിടെ പ്രകടമായ ദൈവ പരിപാലനയ്ക്കും പരിശുദ്ധ പിതാവിന്റെ പ്രത്യേക പരിഗണനയ്ക്കും നമുക്ക് ഹൃദയം നിറഞ്ഞ കൃതജ്ഞത പ്രകാശിപ്പിക്കാം.

നിയുക്ത മെത്രാപ്പോലീത്ത നമ്മെ സംബന്ധിച്ചിടത്തോളം ഒട്ടും തന്നെ അപരിചിതനല്ല. അതിരൂപതയിലെ വിവിധ മേഖലകളിൽ സ്തുത്യർഹമായ സേവനം ചെയ്ത വ്യക്തിയാണദ്ദേഹം. അതിരൂപതാ കത്തീഡ്രൽ സഹവികാരി, കളമശ്ശേരി സെന്റ് പോൾസ് കോളേജ് മാനേജർ, അതിരൂപതാ ചാൻസലർ, വികാരി ജനറൽ തുടങ്ങിയ നിലകളിൽ അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. കാനോൻ നിയമത്തിൽ ഡോക്ടറേറ്റ് നേടിയ അദ്ദേഹം റോമിലെ സെന്റ് പോൾസ് കോളേജിന്റെ വൈസ് റെക്ടർ പദവിയും അലങ്കരിച്ചിട്ടുണ്ട്. 2001 ജനുവരി 31-ാം തീയതി വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പാ മോൺസിഞ്ഞൂർ സ്ഥാനം നല്കി അദ്ദേഹത്തെ ആദരിക്കുകയുണ്ടായി. തുടർന്ന് അതിരൂപതയുടെ വികാരി ജനറൽ ആയിരിക്കെ 2002 മെയ് 19-ാം തീയതി കോഴിക്കോട് രൂപതയുടെ മെത്രാനായി നിയമിക്കപ്പെട്ടു. 2011 മെയ് മാസത്തിൽ റോമിലെ പൊന്തിഫിക്കൽ കൗൺസിലിന്റെ ഭാഗമായ അഭയാർത്ഥികൾക്കും പ്രവാസികൾക്കും വേണ്ടിയുള്ള അജപാലന ശുശ്രൂഷയുടെ  കമ്മീഷൻ സെക്രട്ടറി ആയി നിയമിതനായി. അങ്ങനെ അതിരൂപതയ്ക്കും, സാർവ്വത്രിക സഭയ്ക്കും ശ്രേയസ്കരമായ നിരവധി ശുശ്രൂഷകൾ നല്കിയ അജപാലകനാണ് നിയുക്ത മെത്രാപ്പോലീത്ത.

ഈ കരുണയുടെ വർഷത്തിൽ അദ്ദേഹത്തെ നമ്മുടെ പുതിയ ഇടയനായി നൽകിയ കരുണാമയനായ ദൈവത്തിനു നന്ദി പറയാം.

നിയുക്തമെത്രാപ്പോലീത്തയുടെ പ്രത്യേക താല്പര്യമനുസരിച്ച് 2016 ഡിസംബർ 18-ാം തീയതി ഞായറാഴ്ച വൈകിട്ട് 4.00 മണിക്കാണ് ഔദ്യോഗികമായ സ്ഥാനാരോഹണകർമ്മങ്ങൾ നടത്തപ്പെടുന്നത്. ദേശീയ തീർത്ഥാടനകേന്ദ്രവും ചരിത്രപ്രസിദ്ധവുമായ പരിശുദ്ധ വല്ലാർപാടത്തമ്മയുടെ ബസ്ലിക്ക അങ്കണമാണ് സ്ഥാനാരോഹണവേദിയായി തീരുമാനിച്ചിരിക്കുന്നത്. സ്ഥാനാരോഹണകർമ്മത്തിന്റെ മുഖ്യകാർമ്മികൻ ഞാൻ തന്നെ ആയിരിക്കണമെന്നാണ് നിയുക്തമെത്രാപ്പോലീത്തയുടെ ആഗ്രഹം.

ദൈവാനുഗ്രഹത്തിന്റെ ധന്യമായ ഈ സന്ദർഭം, ആഗമനകാലത്തിന്റെ അരൂപിയിൽ നിറഞ്ഞുകൊണ്ടും, അതേസമയം അതിരൂപതയുടെ ചരിത്രപരമായ പാരമ്പര്യവും പ്രാധാന്യവും പരിഗണിച്ചുകൊണ്ടും സമുചിതവും അവിസ്മരണീയവുമായ ആധ്യാത്മീക അനുഭവമാക്കി മാറ്റാൻ നമുക്ക് പരിശ്രമിക്കാം. സ്ഥാനാരോഹണ ചടങ്ങുകളുടെ സമർഹമായ നടത്തിപ്പിനായി വൈദികരും, സന്ന്യസ്തരും, വിശ്വാസികളും ഉൾപ്പെടുന്ന വിപുലമായ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. 2016 നവംബർ 7-ാം തീയതി അതിരൂപതാമെത്രാസനമന്ദിരത്തിൽ ചേർന്ന യോഗത്തിൽ അതിരൂപതാ ആലോചനാസമിതിയംഗങ്ങൾ, ഫൊറോനവികാരിമാർ, വൈദീകർ, സന്ന്യസ്തർ, സന്ന്യസ്തസമൂഹങ്ങളുടെ പ്രൊവിൻഷ്യാൾമാർ, സിനഡനന്തരം രൂപീകരിച്ച വിവിധ കമ്മീഷനുകളുടെ ഭാരവാഹികൾ, അത്മായസംഘടനാ പ്രതിനിധികൾ എന്നിവരെല്ലാം പങ്കെടുത്തു. സ്ഥാനാരോഹണ പരിപാടികളുടെ ചെയർമാനായി ഞാൻ ചുമതല നിർവഹിക്കുന്നതാണ്. സ്ഥാനാരോഹണചടങ്ങുകളുടെ സമാപനത്തിൽ പുതിയ ഇടയന് സഭയുടെ പേരിലുള്ള ആശംസകൾ നേരുന്നതായിരിക്കും. അടുത്ത അവസരത്തിൽ തന്നെ സാമൂഹിക, രാഷ്ട്രീയ മേഖലകളിലെ പ്രമുഖർ പങ്കെടുക്കുന്ന ഒരു അനുമോദന സമ്മേളനവും നടത്താൻ ഉദ്ദേശിക്കുന്നുണ്ട്. വിശദമായ വിവരങ്ങൾ പിന്നാലെ അറിയിക്കുന്നതാണ്.

അഭിവന്ദ്യ ജോസഫ് കളത്തിപ്പറമ്പിൽ പിതാവിന്റെ സ്ഥാനാരോഹണ കർമ്മപരിപാടികളിൽ അതിരൂപതാംഗങ്ങൾ എല്ലാവരും സംബ

ന്ധിച്ച് അദ്ദേഹത്തിനും അതിരൂപതയുടെ സമഗ്രമായ ആധ്യാത്മിക ക്ഷേമത്തിനുംവേണ്ടി തീക്ഷ്ണമായി പ്രാർത്ഥിക്കണമെന്ന് സ്നേഹ പുരസരം ഞാൻ ഓർമ്മപ്പെടുത്തുകയാണ്. നിയുക്തമെത്രാപ്പോലീത്ത യുടെ ആയുരാരോഗ്യത്തിനുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം. അതിരൂ പതാംഗങ്ങളെന്ന നിലയിൽ നിങ്ങൾ എന്നെ സ്നേഹിച്ചതു പോലെതന്നെ അദ്ദേഹത്തേയും സ്നേഹിക്കണമെന്നും അനുസര ണയും ആദരവും വിധേയത്വവും നൽകണമെന്നും ഞാൻ അഭ്യർത്ഥി ക്കുകയാണ്. സ്ഥാനാരോഹണദിവസം ഉച്ചതിരിഞ്ഞ് നമ്മുടെ ഇടവക ദേവാലയങ്ങളിലും സ്ഥാപനങ്ങളിലും തിരുക്കർമ്മങ്ങളും മറ്റുപരിപാ ടികളും ഒഴിവാക്കി വിശ്വാസസമൂഹത്തിന് പ്രസ്തുത ചടങ്ങുകളിൽ സംബന്ധിക്കാൻ ബഹുമാനപ്പെട്ട വൈദീകർ സൗകര്യം ചെയ്തുകൊ ടുക്കേണ്ടതാണ്. എല്ലാ പരിപാടികളുടെയും വിജയത്തിനായി നിങ്ങ ളെല്ലാവരും ആത്മാർത്ഥമായി പ്രാർത്ഥിക്കുകയും സഹകരിക്കുകയും വേണം.

അവസാനമായി, രൂപതകളുടെ മാതാവായ വരാപ്പുഴ അതിരൂപ തയുടെ അഞ്ചാമത്തെ തദ്ദേശീയ മെത്രാപ്പോലീത്തയായി 2010 ഏപ്രിൽ 11-ാം തീയതി മുതൽ ഇക്കാലയളവുവരെ ആധ്യാത്മിക അജപാലന ശുശ്രൂഷ നിർവഹിക്കാൻ എന്നെ നിയോഗിച്ച പരമകാരുണികനായ ദൈവത്തിന് നന്ദി പറയുവാൻ ഈ അവസരം ഞാൻ ഉപയോഗിക്കു കയാണ്. വൈദീകസന്ന്യസ്ത സമൂഹവും അത്മായവിശ്വാസികളും എനിക്ക് നിർലോപം നൽകിയ എല്ലാ സഹായസഹകരണത്തിനും സർവ്വോപരി നിങ്ങളുടെ പ്രാർത്ഥനയ്ക്കും ഞാൻ സ്നേഹപൂർവ്വം ആത്മാർത്ഥമായി നന്ദിപറയട്ടെ. അതിരൂപതയുടെ സമഗ്രമായ വളർച്ചയ്ക്കും ആത്മീയ ഉന്നമനത്തിനുംവേണ്ടി ഞാൻ പരിശ്രമിക്കുക യായിരുന്നു. അതിൽ ഞാൻ ഏറ്റവും വിലമതിക്കുന്നത് രണ്ട് വർഷത്തെ ഒരുക്കത്തോടെ 2015 ഏപ്രിൽ 8 മുതൽ 12 വരെ നാം നടത്തിയ ചരിത്രപ്രാധാന്യമുള്ള അതിരൂപതാ സിനഡാണ്. സിനഡനന്തര നവീകരണ യാത്രകളിൽ നമുക്ക് ആത്മാർത്ഥമായി ഭാഗഭാക്കുകളാകാം. സിനഡിന്റെ സത്ഫലങ്ങൾ അതിരൂപതയിൽ ആകമാനം തുടർന്നും നിറഞ്ഞു നില്ക്കട്ടെ. “നവജീവനിലേക്ക് ഒരു തീർത്ഥാടനം” എന്ന സിനഡിന്റെ ആപ്തവാക്യം നമുക്ക് എന്നും വഴിവിളക്കായി തീരട്ടെ.

ഇടയനും അജഗണങ്ങളും ഒരുമിച്ചു ഏകയോഗമായി സ്വർഗ്ഗോത്മുഖമായി നടത്തുന്ന തീർത്ഥയാത്രയാണ് ഭൂമിയിലെ ജീവിതം. ഇവിടെ അഗ്നിസ്തംഭമായും, മേഘത്തൂണായും നമ്മെ നയിക്കാൻ കരുണാമയനായ ദൈവമുണ്ട്. അവിടുന്ന് കാണിച്ചു തരുന്ന പാതകൾ പിഞ്ചെന്ന് നമുക്ക് പ്രകാശത്തിന്റെ ഭവനത്തിലെത്താം. പ്രാർത്ഥനയുടെ പാരസ്പര്യം, സ്നേഹത്തിന്റെ കൂട്ടായ്മ - ഇതായിരിക്കണം നമ്മുടെ മുദ്രാവാക്യം. ഒരിക്കൽക്കൂടി എല്ലാവർക്കും എല്ലാറ്റിനും നന്ദി പറഞ്ഞുകൊണ്ട് എനിക്ക് നിങ്ങളോടുള്ള പൈതൃകസ്നേഹത്തിന്റെ അടയാളമായി പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളെ ഞാൻ ആശീർവദിക്കുന്നു.

എറണാകുളത്ത് നമ്മുടെ അതിമെത്രാസന മന്ദിരത്തിൽ നിന്ന് 2016 നവംബർ 7-ാം തീയതി,

എറണാകുളം
07.11.2016

✠ *ഫ്രാൻസിസ് കല്ലറക്കൽ*
അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ
വരാപ്പുഴ അതിരൂപതാ

---

N.B.: **ഈ ഇടയലേഖനം 2016 നവംബർ 13-ാം തീയതി ഞായറാഴ്ച ദിവ്യബലി മദ്ധ്യേ മുഴുവനായും വായിക്കേണ്ടതാണ്. അന്നു വായിക്കേണ്ട ബൈബിൾ ഞായറാഴ്ചയുടെ സർക്കുലറിന്റെ ഉള്ളടക്കം ചുരുക്കമായി ജനങ്ങളെ അറിയിച്ചാൽ മതിയാകും.**

Printed and Published by Fr. Varghese Valiaparambil
Vimala Social Service Centre, Kakkanad, Kochi - 21